**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4205** **06-03-2023 - ൽ മറുപടിയ്ക്ക്**

**വ്യാപാര മേഖല നേരിടുന്ന പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങൾക്ക് ജി.എസ്.ടി. നടപ്പിലാക്കൽ, അശാസ്ത്രീയമായ പ്ലാസ്റ്റിക് നിരോധനം, വൈദ്യുതി നിരക്ക് വർധന എന്നിവ മൂലം സംസ്ഥാനത്തെ വ്യാപാര മേഖല നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി സംവിധാനത്തിൽ ചരക്കുകളുടേയും സേവനങ്ങളുടേയും നികുതി നിരക്ക് തീരുമാനിക്കുന്നത് ജി.എസ്.ടി കൗൺസിലിന്റെ നിർദേശ പ്രകാരമാണ്. സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ നികുതി നിരക്കുകളിൽ വർദ്ധനവ് വരുത്തരുതെന്ന് സംസ്ഥാനം ജി.എസ്.ടി നിരക്കുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്ന്റെ യോഗങ്ങളിലും ജി.എസ്.ടി കൗൺസിലിലും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ വ്യാപാരി സമൂഹത്തെ മാത്രം ബലിയാടാക്കുന്ന സ്ഥിതിവിശേഷം പുനഃപരിശോധിക്കുമോ; | (ബി) | പ്ലാസ്റ്റിക് നിരോധനം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. |
| (സി) | കടകളിൽ പരിശോധന നടത്തിയും ഭീമമായ തുക പിഴ ഈടാക്കിയും ബദൽ മാർഗം കണ്ടെത്താതെ അശാസ്ത്രീയമായ രീതിയിൽ നിയമം നടപ്പിലാക്കുന്ന സർക്കാർ തീരുമാനം പിൻവലിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്ലാസ്റ്റിക് നിരോധനം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. |

സെക്ഷൻ ഓഫീസർ